Click to buy NOW! PDF-XChange Viewer www.docu-track.com



കേരളത്തിലെ മാധ്യമപ്രവർത്തകർ നിരന്തരം റാഞ്ചിപ്പറക്കുന്ന മേഖലയാണ് അട്ടപ്പാടിയും അഹാഡ്സും. ആഴത്തിലേക്കും ഉയരത്തിലേക്കും നോക്കുന്ന പരുന്തിൻ നോട്ടങ്ങൾക്കുപകരം കോഴിപ്പറക്കലുകളിലേക്കും ഇത്തിരിക്കാഴ്ചകളിലേക്കും ഇവ ഒതുങ്ങിപ്പോവുന്നത് പുതിയ സൂക്ഷ്മരാഷ്ട്രീയത്തിന്റെ സാക്ഷരതയില്ലാത്തതു കൊണ്ടാണോ? ഫീൽഡ് വർക്കോ, അട്ടപ്പാടിക്കാരുടെ പങ്കാളിത്തമോ ഇല്ലാത്ത 'അതീന്ദ്രിയ' പത്രപ്രവർത്തനം എന്തുകൊണ്ടാണ് ഗൗരവമുള്ള അഹാഡ്സ് വിമർശനം മുമ്പോട്ടു വയ്ക്കാത്തത്?

**കെ. രാജൻ** എഴുതുന്നു

# സ്വാശ്രയ അട്ടപ്പാടിയിലേക്ക് ഇനി എത്ര ദൂരം?

(കഴിഞ്ഞലക്കം തുടർച്ച)

**കൃഷി**

അട്ടപ്പാടിയുടെ കാർഷിക മേഖല നേരിടുന്ന എല്ലാതരം പ്രതിസന്ധികളുടേയും പരിഹാരം അഹാഡ്സിന്റെ പരിധിയ്ക്കു പുറത്താണ്. അതിന്റെ ധാർമ്മിക ഉത്തരവാദിത്തം അട്ടപ്പാടിയിലെ പൗരസമൂഹത്തിനാണ്.

ആദിവാസി കൃഷി നിന്നു പോകുന്നതിന്റെ മുഖ്യകാരണം ആദിവാസികളുടെ ഭൂമിയുടെ അന്യാധീനപ്പെടലും തരിശ്വത്കരണവും കാർഷിക മൂലധനത്തിന്റെ ആഭാസവുമാണ്. സർക്കാർ പദ്ധതികളുടെ സപ്ലൈ ആദിവാസികളുടെ യഥാർത്ഥാവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നവയല്ല.

കൃഷിയുമായി ബന്ധപ്പെട്ട കാർഷിക സംരംഭങ്ങൾ അട്ടപ്പാടിയിൽ വളരെ കുറവാണ്. അട്ടപ്പാടി ഫാമിംഗ് സൊസൈറ്റിയെ കൂടുതൽ ജനാധിപത്യപരമായി പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. ആദിവാസികൾ അഹാഡ്സിന്റെ ജോലി കാരണം കൃഷിയിൽ നിന്നു മുഖം തിരിച്ചു എന്നു പറയാറുണ്ട്. ആദിവാസികൾ പട്ടിണികിടന്ന് കാർഷിക പാരമ്പര്യം നിലനിർത്തണമെന്നു പറയുന്നത് അസംബന്ധമല്ലേ? കാരണങ്ങളുടെ ബഹുലതയും സങ്കീർണ്ണതയും ഒഴിവാക്കി ഒറ്റക്കാരണത്തിലേക്ക് കാര്യങ്ങളെ ചുരുക്കുന്ന ഉരിപ്പവമായ വിശകലനരീതിയാണ് പത്രപ്രവർത്തകരുടേത്. അട്ടപ്പാടിയിലെ കൃഷിവകുപ്പും ജലസേചന വകുപ്പും അഴിച്ചു പണി ആവശ്യപ്പെടുന്ന വകുപ്പുകളാണ്.

**വരുമാന ദായക സംഘങ്ങൾ**

പാലക്കാടിന്റെ ചെറുകിട വ്യവസായ ഭൂപടത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന സ്ഥലമാണ് അട്ടപ്പാടി. അട്ടപ്പാടിയിലൊരു സംരംഭക സംസ്കാരം രൂപപ്പെടാതിരിക്കുന്നതിന് അനവധി കാരണങ്ങളുണ്ട്.

ആദിവാസികൾക്ക് വിഭവ ശേഷിയും സാമൂഹ്യാംഗീകാരവുമില്ലാത്തതു

PDF-XChange Viewer Click to buy NOW! www.docu-track.com

കൊണ്ട് ഒരു ചായക്കടയോ പെട്ടിക്കടയോ പലചരക്കുകടയോ പോലെ നടത്താനാവില്ല. ദളിതരുടേയും സ്ഥിതി ഇതാണ്. അട്ടപ്പാടിയിലൊട്ടനവധി സഹകരണ സംഘങ്ങളുടെ മരണങ്ങൾ ഉണ്ടായിട്ടുണ്ട്.അഴിമതിയും കെടുകാര്യസ്ഥതയും ദീർഘവീക്ഷണമില്ലായ്മയും എല്ലാം കാരണങ്ങളിൽ ഉൾപ്പെടും. ഭൂതിവഴിയിലെ ആദിവാസി കരകൗശല സഹകരണ സംഘം നന്നായി പ്രവർത്തിക്കുന്നുണ്ട്. അട്ടപ്പാടി മേഖലയിൽ വരുമാനദായക പ്രവർത്തനങ്ങളിൽ അഹാഡ്സിന് മുന്നേറാൻ കഴിയാതിരുന്നത് അഹാഡ്സിന്റെ പരാജയമല്ല. അട്ടപ്പാടിയിലെ രാഷ്ട്രീയാധികാരികളുടേയും പൗര സമൂഹത്തിന്റേയും പരാജയമാണ്.

### സമ്പൂർണ്ണ ഊരു വികസനം

അഹാഡ്സിന്റെ ഊരുവികസന പദ്ധതിയിലൂടെ മെച്ചപ്പെട്ട വീടുകളും ഭൗതിക വിഭവങ്ങളും ആദിവാസികൾ നേടിയിട്ടുണ്ട്. ഉപഭോക്താക്കളുടെ പങ്കാളിത്തം ഉണ്ടായിട്ടുണ്ടെങ്കിലും കോൺട്രാക്ടർ സംസ്കാരം മുഴുവനായി ഇല്ലാതായിട്ടില്ല. ആദിവാസി യുവാക്കളെ വീടുപണിയുടെ പരിശീലനം നൽകി ഉയർത്തി കൊണ്ടു വരാനായില്ല. ഊരുകളിൽ സ്വയം വീടുപണി ചെയ്യാൻ തുനിഞ്ഞവരെ നിരുത്സാഹപ്പെടുത്തുന്ന ഇടപെടലുകൾ ഉണ്ടായിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞു. മുളയും ഓലയും പുല്ലും അടക്കമുള്ള പ്രകൃതിവിഭവങ്ങളുടെ ലഭ്യത ഭൂരിഭാഗം ഊരുകളിലും ഇല്ലാതായിട്ടുണ്ട്. അതുകൊണ്ട് ആദിവാസികൾക്ക് പരമ്പരാഗത വാസ്തുവിദ്യ നിലനിർത്താനാവില്ല എന്നത് അട്ടപ്പാടിയിലൂടെ ഒരു തവണ സഞ്ചരിച്ചാൽ സാമാന്യ ബുദ്ധിയുള്ള ആർക്കും മനസ്സിലാവും. പക്ഷേ, 'അതീന്ദ്രിയ സിദ്ധി'കളുള്ള പല പത്രപ്രവർത്തകർക്കും ഇത് മനസ്സിലായിട്ടില്ല.

### തായ്കുലപണിയാളർ സംഘം

ആദിവാസി സ്ത്രീകൾ വരുമാനം നേടുന്നതിലും സാമൂഹ്യ ചലനാത്മകത നേടുന്നതിലും ഏറെ ദൂരം സഞ്ചരിച്ചിട്ടുണ്ട്. എന്നാൽ രക്ഷാകർതൃത്വം ഇല്ലാതെ എത്രദൂരം സഞ്ചരിക്കും, സാമൂഹ്യ ഇടപെടലുകളിൽ?

### സംയുക്ത വനപരിപാലന സംഘങ്ങൾ

പങ്കാളിത്ത പ്രവർത്തനത്തിന്റെ മികച്ച മാതൃക ഈ സംഘടനയാണ്. പ്രാദേശിക തലത്തിൽ ആദിവാസി യുവാക്കളെയടക്കം ഉൾപ്പെടുത്തി പ്രവർത്തിച്ച ഈ സംഘം ഭാവിയിലും നിലനിൽക്കേണ്ടതുണ്ട്.

### അട്ടപ്പാടി സ്വരാജിലേക്ക്

അട്ടപ്പാടിയിലെ തൊഴിലുറപ്പ് പദ്ധതി, ഐ.ടി. ഡി. പി. എന്നീ സർക്കാർ ഏജൻസികളെ മെച്ചപ്പെടുത്തുന്നതു വഴി അഹാഡ്സിന്റെ ഒഴിവിടത്തെ നികത്താം എന്ന് ചിന്തിക്കുന്നവരുണ്ട്. ഇത് അസാദ്ധ്യമാണ്. കാരണം, ആസൂത്രണത്തിലേയും നിർവഹണത്തിലേയും സർഗാത്മകതയും ഉറപ്പും കാര്യക്ഷമതയും വഴക്കവും പതിവുദ്യോഗസ്ഥന്മാരിൽ നിന്ന് പ്രതീക്ഷിക്കാനാവില്ല.

അട്ടപ്പാടിയിലെ പിന്നോക്കാവസ്ഥ പരിഹരിക്കാനാവുക അട്ടപ്പാടിയുടെ പൗര സമൂഹത്തിന്റെ ശാക്തീകരണത്തിലൂടെയും സ്വയംഭരണ ശേഷിയുടെ വികാസത്തിലൂടെയുമാണ്.

അട്ടപ്പാടിയിലെ ആദിവാസികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് അന്യാധീനപ്പെട്ട ഭൂമിയുടെ വീണ്ടെടുക്കലും സ്വയം ഭരണശേഷിയുടെ വീണ്ടെടുക്കലും വഴി മാത്രമേ സാധ്യമാവൂ. 1996 ലെ P E S A (provision of the Panchayath Extension to Scheduled Area Act) വഴി. ഒറീസ്സ, ഛത്തീസ്ഘട്ട്, ആന്ധ്ര , മധ്യപ്രദേശ്, രാജസ്ഥാൻ, ഝാർഘണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ 600 ഓളം സ്വയംഭരണ റിപ്പബ്ലിക്കുകൾ രൂപം കൊണ്ടിട്ടുണ്ട്. 1996 ൽ ഭൂകമ്മറ്റിയുടെ ബിൽപ്രകാരം ഭരണഘടന നൽകുന്ന ഈ നിയമം നടപ്പിലാക്കുന്നതിൽ കേരള സർക്കാർ വിമുഖത പ്രകടിപ്പിക്കുന്നു. സ്വയം ഭരണമെന്നത് ആദിവാസികളുടെ മാത്രം രാഷ്ട്രീയാവശ്യമല്ല. എല്ലാ സാമൂഹ്യ വിഭാഗങ്ങളുടേയും ആവശ്യമാണ്. ഗാന്ധിയുടെ ഹിന്ദ് സ്വരാജിന്റെ 100-ാം വാർഷികം ആഘോഷിക്കുന്ന ഈ ചരിത്ര സന്ദർഭത്തിൽ ഗാന്ധിയുടെ ഗ്രാമസ്വരാജ് പദ്ധതിയുടെ സാക്ഷാത്കാരത്തിനായി അട്ടപ്പാടി മേഖലയെ തിരഞ്ഞെടുക്കേണ്ടതാണ്. എല്ലാ സാമൂഹ്യ വിഭാഗങ്ങളും ഒരേപോലെ പിന്നോക്കാവസ്ഥ അനുഭവിക്കുന്ന ഇടമാണ് അട്ടപ്പാടി. പരമ്പരാഗത തൊഴിൽ സിദ്ധികൾ ഉപയോഗിക്കുന്ന ഗ്രാമീണ വ്യവസായങ്ങളുടെ ഗ്രാമസ്വരാജ്, ഓരോരുത്തരേയും യോഗവും ആട്ടവും നാടൻ മരുന്നുകളും വഴി ആരോഗ്യസ്വാശ്രിതരാക്കുന്ന ആരോഗ്യസ്വരാജ്, ആദിവാസികൾക്ക് ഭൂമിയും വിഭവാധികാരവും നൽകുന്ന ഗോത്ര സ്വരാജ്, ദളിതർക്ക് ശാക്തീകരണം നൽകുന്ന ദളിത് സ്വരാജ് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്ന ഭക്ഷ്യസ്വരാജ്, സ്ത്രീകളെ വീട്ടടിമകളാക്കാത്ത പെൺസ്വരാജ്, വാസ്തു സ്വരാജ്, വിശ്വാസസ്വരാജ്, സംസ്കാര സ്വരാജ് എന്നിവയ്ക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞാലേ അട്ടപ്പാടിയുടെ പ്രതിസന്ധി പരിഹരിക്കാൻ കഴിയും.

ഈ പ്രക്രിയകൾക്ക് തിരക്കഥ രചിക്കാനും നടന്മാരും സംവിധായകരുമാകാനും ഒരട്ടപ്പാടിക്കാർക്ക് കഴിയുമ്പോഴേ സ്വാശ്രയ അട്ടപ്പാടി എന്ന സ്വപ്നം സഫലമാകൂ. സർക്കാർ പദ്ധതികളുടേയും നിർവഹണത്തിന്റേയും മേഖലയിലും ഇത്തരം ഒരു നവജനാധിപത്യവത്ക്കരണം സാധ്യമാകേണ്ടതുണ്ട്. എല്ലാ പരിമിതികൾക്കിടയിലും അത്തരമൊരു ഉറപ്പിലേക്ക് യാത്ര തുടങ്ങിയത് അഹാഡ്സാണ് എന്ന് നാം ഓർക്കേണ്ടതുണ്ട്. ആ യാത്രയെ ലക്ഷ്യത്തോളമെത്തിക്കുന്നതെങ്ങിനെ എന്നതാണ് നമ്മുടെ മുന്നിലെ പ്രശ്നം.

*With best compliments from*

**CENTRE FOR POST GRADUATE STUDIES**

P.G. Centre

**North Bus Stand**
**Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com